**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1222** **19-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിൽ ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് വരെയുള്ള റോഡ് ഗതാഗതത്തിനുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാനായി പ്രസ്തുത റോഡ് പുനരുദ്ധരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിൽ ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് വരെയുള്ള റോഡ് പുനരുദ്ധരിക്കുന്ന പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മഞ്ചേരി ഒലിപ്പുഴ റോഡിന്റെ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പ്രവൃത്തിക്കായി പുതുക്കിയ അലൈൻമെന്റ് പ്രകാരം അധിക സർവ്വേ നമ്പറുകളിൽ നിന്ന് കൂടി സ്ഥലം ഏറ്റെടുക്കേണ്ടതിനാൽ പുതിയ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി പുതുക്കിയ റവന്യൂ ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി നൽകിയ പ്രൊപ്പോസൽ പരിശോധനയിലാണ്. |
| (സി) | മഞ്ചേരി മെഡിക്കൽ കോളേജിൽ നടക്കുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തീയതി പ്രഖ്യാപിച്ചിട്ട് ഒരു വർഷത്തിൽ അധികമായിട്ടും ബഹുഭൂരിപക്ഷം പണികളും പൂർത്തീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | റിപ്പയർ, മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിൽ മെഡിക്കൽ കോളേജിനുള്ളിലെ സ്ഥല പരിമിതിയും രോഗികളുടെയും പൊതുജനങ്ങളുടെയും ബാഹുല്യം മൂലവും സമയക്രമീകരണം നടത്തി മാത്രമേ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ചില പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അനുവദിച്ചതിലും കൂടുതൽ സമയം ആവശ്യമായി വരാറുണ്ട്. |
| (ഡി) | മരാമത്ത് അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതുകൊണ്ട് രോഗികളും മെഡിക്കൽ വിദ്യാർത്ഥികളും നേരിടുന്ന അസൗകര്യങ്ങൾ പരിഹരിക്കാൻ പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശവും നടപടികളും സ്വീകരിക്കുമോ? | (ഡി) | ഒരുമിച്ചുവരുന്ന കരാർ പ്രവൃത്തികൾ സമയം ക്രമീകരണം വരുത്തി പുതിയ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ ശേഖരിക്കുന്നതിന് അധികസ്ഥലം ഉറപ്പുവരുത്താനായാലും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ